എന്നിവയ്ക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ അവ എന്തുകൊണ്ടാണ് ദേശസാൽകൃത ബാങ്കുകളിൽ നിക്ഷേപിക്കാതിരുന്നത്; കാരണം വിശദമാക്കാമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

ആത്മഹത്യ ചെയ്ത തേയിലത്തോട്ടം തൊഴിലാളികൾ

79 [2511] *ശ്രീ. തോമസ് ഉണ്ണിയാടൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 5 കൊല്ലക്കാലത്ത് എത്ര തേയിലത്തോട്ടം തൊഴിലാളികൾ ആത്മഹത്യ ചെയ്തിട്ടുണ്ട് എന്നറിയിക്കാമോ;

(ബി) അവർ ആരൊക്കെയാണെന്നും ഏതൊക്കെ തീയതികളിൽ, ഏതൊക്കെ പോലീസ് സ്റ്റേഷൻ അതിർത്തികളിൽവച്ചാണ് ആത്മഹത്യ ചെയ്തതെന്നും ഓരോരുത്തരുടേയും മേൽവിലാസം എന്തായിരുന്നുവെന്നും വെളിപ്പെടുത്താമോ;

(സി) ഓരോരുത്തരുടേയും പോസ്റ്റുമോർട്ടം ഏതൊക്കെ ആശുപത്രികളിൽ നടത്തിയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) — (സി) വിവരം ശേഖരിച്ചുവരുന്നു.

ഗ്രാമപഞ്ചായത്തുകൾക്ക് ധനകാര്യ കമ്മീഷൻ ഗ്രാന്റ്

80 [2512] *ശ്രീ. രാജു എബ്രഹാം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾക്ക് സംസ്ഥാന സർക്കാർ ധനകാര്യ കമ്മീഷൻ ഗ്രാന്റ് നൽകാറുണ്ടോ;

(ബി) ഇത് നൽകിവരുന്നതിന്റെ മാനദണ്ഡം എന്താണ്; പദ്ധതി തുകയുടെ എത്ര ശതമാനമാണ് ഇങ്ങനെ ഗ്രാന്റായി നൽകിവരുന്നത്;

(സി) ഈ തുക ഏതൊക്കെ മേഖലകളിൽ ഉപയോഗിക്കണം എന്നതു സംബന്ധിച്ച് നിർദ്ദേശമുണ്ടോ;

(ഡി) ഈ വർഷം ഗ്രാമപഞ്ചായത്തുകൾക്ക് ഈ തുക കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ തുകയുടെ അഭാവംമൂലം അടിസ്ഥാന മേഖലകളായ ശുചിത്വം, കുടിവെള്ളം തുടങ്ങിയവയുടെ പദ്ധതി പ്രവർത്തനങ്ങൾ പഞ്ചായത്തുകളിൽ

LIBRARY ARCHIVES Kerala Legislative Assembly

നടക്കുന്നില്ല എന്ന കാരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം കേരളത്തിൽ ഏകദേശം എത്ര കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് തടസ്സപ്പെട്ടിരിക്കുന്നത്;

(എഫ്) ഈ തുക അടിയന്തിരമായി അനുവദിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പൊതു ആവശ്യഗ്രാന്റും മെയിന്റനൻസ് ഗ്രാന്റും നൽകുന്നുണ്ട്. പദ്ധതി തുകയുടെ ഭാഗമായല്ല ഇവ നൽകുന്നത്. സർക്കാരിന്റെ തനത് നികുതി വരുമാനത്തിന്റെ 3.5 ശതമാനം പൊതു ആവശ്യഗ്രാന്റായും 5.5 ശതമാനം മെയിന്റനൻസ് ഗ്രാന്റായും വകയിരുത്തുന്നു. രണ്ട് വിഭാഗങ്ങളിലായാണ് മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കുന്നത്. ഒന്ന് റോഡുകളുടെ മെയിന്റനൻസിന്, മറ്റൊന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ആസ്തികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തിട്ടുള്ള സർക്കാർ സ്ഥാപനങ്ങളുടെ മെയിന്റനൻസിനുമാണ് വിനിയോഗിക്കുന്നത്.

(സി) ഉണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ പൊതു ആവശ്യഗ്രാന്റും മെയിന്റനൻസ് ഗ്രാന്റും വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗരേഖ 9-12-2004-ലെ ജി.ഒ.(എംഎസ്.) നമ്പർ 330/04/തസ്വഭവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരവും 14-3-2005-ലെ 12245/പി1/05/തസ്വഭവ. നമ്പർ സർക്കാർ സർക്കുലർ പ്രകാരവും പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) 2004-2005-ൽ നൽകിയ മെയിന്റനൻസ് ഗ്രാന്റിന്റെ 50 ശതമാനത്തിന് തുല്യമായ തുക ആദ്യഗഡുവായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾക്ക് പൊതു ആവശ്യഗ്രാന്റ് നൽകിയിട്ടില്ല. ധനകാര്യ കമ്മീഷൻ ശുപാർശകൾ പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും നൽകുവാനുള്ള വിഹിതം കണക്കാക്കി വരുന്നതേയുള്ളൂ. ഇത് ഉടൻ തന്നെ അനുവദിക്കുന്നതാണ്.

(ഇ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികളുടെ മെയിന്റനൻസിനും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കുമാണ് പൊതുആവശ്യഗ്രാന്റ് അനുവദിക്കുന്നത്. പദ്ധതി പ്രവർത്തനങ്ങൾക്ക് പ്ലാൻ ഫണ്ടാണ് വിനിയോഗിക്കുന്നത്. പദ്ധതി വിഹിതം കൃത്യമായി നൽകിയിട്ടുള്ളതുകൊണ്ട് വികസന പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിട്ടില്ല.

(എഫ്) ബാധകമല്ല.

GPM. 2/588/2012—15

LIBRARY ARCHIVES Kerala Legislative Assembly